# Desabhimani
# 30 August 2018
# Thiruvananthapuram; Insurance Claim, After Flood

## ഇൻഷുറൻസ് കമ്പനികൾ നടപടികൾ ലളിതമാക്കും

**തിരുവനന്തപുരം**

പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ കേരളത്തിൽനിന്നുള്ള ഇൻഷുറൻസ് അവകാശവാദങ്ങളുടെ അപേക്ഷകളിൽ നടപടിക്രമങ്ങൾ ലളിതമാക്കുമെന്ന് യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ വിജയ് ശ്രീനിവാസ് പറഞ്ഞു.

നഷ്ടപരിഹാര അവകാശങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങൾ യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി, ഓറിയന്റൽ ഇൻഷുറൻസ് കമ്പനി, നാഷണൽ ഇൻഷുറൻസ് കമ്പനി, ന്യൂ ഇന്ത്യാ ഇൻഷുറൻസ് കമ്പനി എന്നിവയുടെ നടപടിക്രമങ്ങളാണ് ലഘൂകരിക്കുക.

അപേക്ഷാ ഫോറങ്ങളുടെ ലഘൂകരണമാണ് പ്രധാനം. കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ റിപ്പോർട്ട്, പൊലീസിന്റെ പ്രഥമ വിവര റിപ്പോർട്ട് എന്നിവ ഒഴിവാക്കും. അവകാശവാദങ്ങൾ ഉന്നയിക്കുന്നതിനുള്ള കാലാവധി വ്യക്തികൾക്ക് സെപ്തംബർ 30 വരെയും മറ്റുള്ളവർക്ക് 15 വരെയും നീട്ടും. പശു, ആട് മുതലായവയുടെ അവകാശവാദങ്ങളിൽ ടാഗ് വേണമെന്ന നിബന്ധന ഒഴിവാക്കി. പോസ്റ്റുമോർട്ടം റിപ്പോർട്ട് സർട്ടിഫിക്കറ്റ് നിർബന്ധമെന്ന വ്യവസ്ഥയും ഒഴിവാക്കിയതായി ഇൻഷുറൻസ് കമ്പനി ചുമതലക്കാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.